# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.887 28.04.2017 ൽ മറുപടിക്ക്**

**പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ടി.ബൽറാം | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദീകരിക്കുമോ; | എ) സോഷ്യൽ ഓഡിറ്റ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുമരാമത്തു വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള ഓച്ചിറ - ചേർത്തല റോഡിലെ നിർമ്മാണത്തിന്റെ അപാകത പരിശോധിക്കുന്നതിനായി പ്രത്യേകമായ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ചു. വയനാട്. ജില്ലയിലും ഒരു പ്രവൃത്തി സംബന്ധിച്ച പരാതി പരിശോധിക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിച്ചു. പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നിയമപരമായി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) പൊതുമരാമത്തു പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും |

സമയബന്ധിതമായി പൂർത്തീകരിക്കാനും, സുതാര്യത ഉറപ്പുവരുത്തുവാനും കഴിയും.

സി) ആരെയാണ് സോഷ്യൽ ഓഡിറ്റിംഗിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

സി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേയ്ക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽ നിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. കമ്മറ്റികളെ താമസിയാതെ പ്രഖ്യാപിക്കുന്നതാണ്.

ഡി) സോഷ്യൽ ഓഡിറ്റിംഗിനായി ഭരണതലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിരുന്നു; വ്യക്തമാക്കുമോ?

ഡി) സോഷ്യൽ ഓഡിറ്റിംഗ് പ്രകാരം ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ധ ഏജൻസിയെ ക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപെട്ടവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ